നിത്യമാം സ്നേഹത്തിൻ ആഴമുയരവും

നീളവും വീതിയും ആരാഞ്ഞിടാ –2

ഇഷ്ടരിൽ നിന്നെല്ലാം തിരഞ്ഞെടുത്തോ എന്നെ

ശുദ്ധരോടൊത്തു വസിപ്പതിനായ് –2 നിത്യ....1

സ്വർഗ്ഗാധിസ്വർഗ്ഗങ്ങൾക്കടക്കുവാൻ കഴിയാത്ത

നിത്യനാം ദൈവത്തിൻ ഇഷ്ടപുത്രൻ –2

ദൂതരിൻ സ്തുതികളും താതനിൻ കൂടെയും

മോദമായ് ഇരുന്നിടാതിറങ്ങിയോ മർത്യനായ് –2 നിത്യ....1

കർത്താധികർത്താവായ് രാജാധിരാജാവായ്

ഇഹലോകരാജ്യങ്ങൾ നേടിടാതെ –2

കാൽവറി മേടതിൽ പാപിയെ നേടുവാൻ

യാഗമായ് തീർന്നിതോ രക്തവും ചിന്തിയേ –2 നിത്യ....1

ഉലകിലെന്നരികിലായ് പ്രിയമായ പലതുണ്ട്

അതിലെല്ലാം പ്രിയമായ പ്രിയനുണ്ട് –2

എങ്കിലോ കാൽവറി സ്നേഹത്തിൻ മുൻപിലായ്

അലിഞ്ഞുപോയ് ഇവയെല്ലാം മഞ്ഞുപോലെ –2 നിത്യ....1

കൂട്ടുകാർ പിരിഞ്ഞീടും സോദരർ കൈവിടും

മാതാപിതാക്കളും മറന്നുപോകും –2

മരണത്തിൻ കൂരിരുൾ താഴ്വര കഴിവോളം

പിരിയാതെൻ കൂടവേ പാർത്തിടും താൻ –2 നിത്യ....1

പിരിയാത്ത സ്നേഹിതാ തീരാത്ത പ്രേമമേ!

നീയെൻറെ നിത്യാവകാശമല്ലോ –2

ഈ ഭൂവിൽ മാത്രമോ നിത്യയുഗങ്ങളിലും

എൻ പ്രേമ കാന്തനായ് നീ വന്നീടുമെ –2 നിത്യ....2

Nithyamaam snehatthin aazhamuyaravum
neelavum veethiyum aaraanjitaa - 2
ishtaril ninnellaam thiranjetuttho enne
shuddharototthu vasippathinaayu - 2
nithya...1
svarggaadhisvarggangalkkatakkuvaan kazhiyaattha
nithyanaam dyvatthin ishtaputhran– 2
dootharin sthuthikalum thaathanin kooteyum
modamaayu irunnitaathirangiyo marthyanaayu– 2
nithya.... 1 kartthaadhikartthaavaayu raajaadhiraajaavaayu
ihalokaraajyangal netitaathe - 2
kaalvari metathil paapiye netuvaan
yaagamaayu theernnitho rakthavum chinthiye - 2
nithya...1
ulakilennarikilaayu priyamaaya palathundu
athilellaam priyamaaya priyanundu - 2
enkilo kaalvari snehatthin munpilaayu
alinjupoyu ivayellaam manjupole - 2
nithya.....1
koottukaar pirinjeetum sodarar kyvitum
maathaapithaakkalum marannupokum– 2
maranatthin koorirul thaazhvara kazhivolam
piriyaathen kootave paartthitum thaan
nithya....1
piriyaattha snehithaa theeraattha premame!
neeyente nithyaavakaashamallo– 2
ee bhoovil maathramo nithyayugangalilum
en prema kaanthanaayu nee vanneetume– 2
nithya...2